**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **05-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (എ) | **സാമൂഹ്യനീതി വകുപ്പിന് കീഴിൽ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വൃദ്ധസദനത്തിനായി പണിതുകൊണ്ടിരിയ്ക്കുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത വൃദ്ധസദനം പ്രവർത്തനസജ്ജമായാൽ കോട്ടയം ജില്ലാ വൃദ്ധസദനമായി അംഗീകരിക്കാൻ തയ്യാറാകുമോ; ജില്ലാ വൃദ്ധസദനമാക്കുന്നതിന് പ്രത്യേക നിബന്ധനയുണ്ടോ; വിശദമാക്കാമോ; | (ബി) | **നിലവിൽ കോട്ടയം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവഞ്ചൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വൃദ്ധസദനം പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. സ്ഥല സൗകര്യങ്ങളുടെ പരിമിതി മൂലം 50 പേരെ പ്രവേശിപ്പിക്കേണ്ട സ്ഥാപനത്തിൽ ആകെ 25 പേർക്ക് മാത്രമാണ് പ്രവേശനം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 10/01/2017 ലെ സർക്കാർ ഉത്തരവ്(അച്ചടി) നം.3/2017/തസ്വഭവ പ്രകാരം സാമൂഹ്യനീതി വകുപ്പിന് കൈമാറി കിട്ടുകയും മുളക്കുളം പഞ്ചായത്തിൽ നിർമാണം പുരോഗമിച്ചുവരുന്നതുമായ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേക്ക് മാറ്റുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.**<br><br>**നിലവിൽ ജില്ലാ വൃദ്ധസദനമാക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ വൃദ്ധ സദനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് 20/08/2016 ലെ G.O.(P) No.10/2016/SJD പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ സർക്കാർ വൃദ്ധ സദനങ്ങളിലും ഉറപ്പുവരുത്തേണ്ടതുണ്ട്.** |
| (സി) | ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് പുനർവിന്യാസം വഴി സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലയിൽ വകുപ്പിന് കീഴിൽ മറ്റ് വൃദ്ധസദനങ്ങൾ ഉണ്ടോ എന്നറിയിക്കാമോ; | (സി) | **കോട്ടയം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവഞ്ചൂരിൽ സർക്കാർ വൃദ്ധസദനം പ്രവർത്തിച്ചു വരുന്നു.** |

| | | | |
|---|---|---|---|
| | | | മുളക്കുളം പഞ്ചായത്തിൽ നിർമാണം പുരോഗമിച്ചുവരുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേക്ക് മാറ്റാൻ കഴിയും. കോട്ടയത്ത് തിരുവഞ്ചൂരിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ വൃദ്ധസദനത്തിലെ ജീവനക്കാരുടെ സേവനം മുളക്കുളത്തും തുടരുന്നതാണ്. |
| (ഡി) | ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന വൃദ്ധസദനത്തിൽ അടിസ്ഥാനസൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | **നിലവിൽ നിർമ്മാണം നടന്നു വരുന്ന വൃദ്ധസദനത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ